## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6568 04.04.2018 ൽ മറുപടിക്ക്**

**റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം**

**ചോദ്യം**

**ശ്രീ. സി. കൃഷ്ണൻ**

റോഡ് പ്രവൃത്തി നടന്ന ഉടനെ വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ വിവിധ വകുപ്പുകളുടെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബിഎസ്.എൻ.എൽ.) ഏകോപനം ഉണ്ടാകുന്നതിനും അത് ഒരു സ്ഥിരം സംവിധാനമായി കൊണ്ടു പോകുന്നതിനും പ്രവൃത്തി നടക്കുന്ന വിവിധ ഘട്ടങ്ങളിൽ റിവ്യൂ നടത്തുന്ന തരത്തിൽ ഒരു സംവിധാനം ഉണ്ടാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ ജി സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

റോഡ് പ്രവൃത്തികൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ അനുമതി നൽകുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കെ എസ് ഇ ബി മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ജില്ലാതല ഏകോപന സമിതി പ്രവർത്തിച്ചു വരുന്നുണ്ട്. റോഡ് പ്രവർത്തി നടന്ന ഉടനെ വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനായി പ്രവർത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ നിർമ്മാണം ഉദ്ദേശിക്കുന്ന റോഡുകളിൽ സേവന ദാതാക്കളായ വകുപ്പുകളോ കമ്പനികളോ ഏതെങ്കിലും പ്രവർത്തികൾ ഉദ്ദേശിക്കുന്നുണ്ടോ എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട സേവന ദാതാക്കളെ വൻകിട പദ്ധതികൾ ആരംഭിക്കുന്നതിന് 6 മാസം

മുമ്പും, ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് 3 മാസം മുമ്പും രേഖാമൂലം അറിയിക്കേണ്ടതും മരാമത്ത് വകുപ്പിന്റെ അനുവാദത്തോടെ പ്രവർത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ സേവനദാതാക്കളുടെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നം. RW/NH-33044/29/2015/S&R(R) തീയതി 22.11.2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയ - മായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോർമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത് പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ